"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- ആലപ്പുഴ ജില്ലയിലെ പറവൂർ ട്വയിൻ ടിസ്റ്റിങ് യൂണിറ്റിന്റെ നിർമാണം പൂർത്തിയാക്കാൻ മത്സ്യഫെഡ് തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച് 4 കോടി രൂപ 2405-00-800-96-00-00-00-P-V ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.148/2026/F&P തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. സ.ഉ (സാധാ)നം.1018/2019/മതുവ തീയതി: 27/12/2019
2. സ.ഉ (സാധാ)നം.197/2021/മതുവ തീയതി : 25/03/2021
3. ഫിഷറീസ് ഡയറക്ടറുടെ 04/12/2025-ലെ DFTVM/978/2020-F3 നമ്പർ കത്ത്.
4. സ.ഉ (സാധാ)നം.1432/2026/ധന തീയതി: 13/02/2026

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പറവൂർ ട്വയിൻ ട്വിസ്റ്റിങ് യൂണിറ്റ് ആരംഭിക്കുന്നതിന് 2019-2020 സാമ്പത്തിക വർഷം 2405-00-103-76 (P) എന്ന ശീർഷകത്തിൽ 550 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 2405-00-103-76 (P) ശീർഷകത്തിൽ നിന്നും 2405-00-800-96 (P) ശീർഷകത്തിലേക്കു 4 കോടി രൂപ റീ-അപ്രോപ്രിയേഷൻ നടത്തി ഒരു കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. തുടർന്ന്, ടി സ്ഥലത്ത് ട്വയിൻ ട്വിസ്റ്റിങ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനായി ബാക്കി തുക മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നു കൂടി ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കി പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. ആയതിനാൽ, മത്സ്യഫെഡ്, പറവൂർ ട്വയിൻ ട്വിസ്റ്റിങ് യൂണിറ്റ് ആരംഭിക്കുന്നതിനായി ചെലവഴിച്ച 4 കോടി രൂപ 2405-00-800-96 (P) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരമാർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറവൂർ ട്വയിൻ ടിസ്റ്റിങ് യൂണിറ്റിന്റെ നിർമാണം പൂർത്തിയാക്കാൻ മത്സ്യഫെഡ് തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച് 4 കോടി രൂപ 2405-00-800-96-00-00-00-P-V ശീർഷകത്തിൽ പരാമർശം (4) പ്രകാരം അധിക ധനാനുമതി വഴി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി ടി തുക അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1) 16/04/2018-ലെ സ.ഉ.(പി) 62/8 ധന-യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09/12/08-ലെ സർക്കുലർ നം.84/8/ധന-ലെയും 30/01/18-ലെ സർക്കുലർ നം.08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ (കൈ)നം.04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ. (കൈ)നം.93/2020/ധന പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (പി.യു-സി) വകുപ്പ് (3082810/PU-C4/50/2025/FIN തീയതി 18/02/2026 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/188/2025/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 23-02-2026 11:58:04